# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3656      23.06.2014 ൽ മറുപടിക്ക്

### ജലഗതാഗതം പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. ഷാജി: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | നിലവിലുള്ള കനാലുകൾ വൃത്തിയാക്കി ജലഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ ജല ഗതാഗത വകുപ്പ് നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ സർവ്വീസ് നടത്തുന്ന റൂട്ടുകൾ സഞ്ചാര യോഗ്യമാക്കുന്നത് ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗം, ജലവിഭവ വകുപ്പ് എന്നിവയുമായി ചേർന്നാണ്. ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗം സർവ്വേ നടത്തി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോട്ടു സർവ്വീസ് നടത്തുന്ന വൈക്കം- തവണക്കടവ്, മുഹമ്മ- കുമരകം, പേഴം തുരുത്ത്- സൗത്ത് പരവൂർ എന്നീ റൂട്ടുകൾ ആഴം കൂട്ടൽ നടത്തി ചാനൽ മാർക്ക് ചെയ്യുന്നതിന് ജലവിഭവ വകുപ്പ്, എക്സിക്യൂട്ടീവ് എൻജിനീയർക്കും, ആലപ്പുഴ, കോട്ടയം ജില്ലകളിലെ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം കനാലുകളാണ് ഇത്തരത്തിൽ ജലഗതാഗതത്തിന് ഉപയുക്തമാക്കാൻ അനുയോജ്യമായതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; | (ബി) | ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ട റൂട്ടുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br>1. കൊല്ലം-പേഴം തുരുത്ത്-കോയിവിള (കൊല്ലം ജില്ല)<br>2. എറണാകുളം- മട്ടാഞ്ചേരി (എറണാകുളം)<br>3. പാണാവള്ളി- പൂത്തോട്ട (ആലപ്പുഴ)<br>4. മുഹമ്മ-കണ്ണങ്കര-മണിയാപറമ്പ് (ആലപ്പുഴ)<br>5. ആലപ്പുഴ- കോട്ടയം<br>6. ആലപ്പുഴ- ചങ്ങനാശ്ശേരി (കോട്ടയം) |

| | | | |
|---|---|---|---|
| | | | 7. ആലപ്പുഴ- എടത്വ (ആലപ്പുഴ)<br>8. ആലപ്പുഴ- നെടുമുടി (വേണാട്ടുകാട് വഴി) (ആലപ്പുഴ)<br>9. പറശ്ശിനിക്കടവ്- മാട്ടൂല് (കണ്ണൂർ ജില്ല)<br>10. അയിറ്റി- പടന്ന (കാസർഗോഡ്) |
| (സി) | നിലവിലെ പൊതു നിരത്തുകളിലെ ഗതാഗതക്കുരുക്കും ചരക്ക് ഗതാഗതവും ഗണ്യമായി കുറയ്ക്കുവാൻ ജലഗതാഗത സൗകര്യം ഉപയോഗപ്പെടുത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി) | എറണാകുളം ജില്ലയിലെ ഗതാഗത കുരുക്ക് കണക്കിലെടുത്ത് ഏകദേശം 20 മിനിട്ട് സമയം മാത്രമെടുത്ത് പുതുതായി ഇപ്പോൾ വൈറ്റില-കാക്കനാട് സർവ്വീസ് നടത്തി വരുന്നു. എറണാകുളം- ഫോർട്ട് കൊച്ചി റോഡ് മാർഗ്ഗം ഏകദേശം 45 മിനിട്ട് എടുക്കുമ്പോൾ കേവലം 10 മിനിട്ട് കൊണ്ട് ജലമാർഗ്ഗവും കൂടതെ എറണാകുളം-വൈപ്പിൻ റോഡ് മാർഗ്ഗം 50 മിനിട്ട് എടുക്കുമ്പോൾ കേവലം 13 മിനിട്ട് കൊണ്ട് ജലമാർഗ്ഗവും ടി മേഖലകളിൽ ഗതാഗതക്കുരുക്കില്ലാതെ എത്തി ചേരുവാൻ കഴിയുന്നുണ്ട്. ഇതിനു പുറമേ വൈക്കം-തവണക്കടവ് റൂട്ട് റോഡ് മാർഗ്ഗം ഒരു മണിക്കൂറിൽ കൂടുതൽ വേണ്ടി വരുമ്പോൾ 10 മിനിട്ടിൽ താഴെ ഫെറിയും കൂടാതെ ഏകദേശം 7 കിലോമീറ്റർ ദൈർഘ്യമുള്ള മുഹമ്മ- കുമരകം- ഫെറി ഒരു മണിക്കൂറിൽ താഴെ മാത്രം എടുത്തു കൊണ്ട്, അതായത് റോഡ് മാർഗ്ഗത്തിന്റെ പകുതി സമയം മാത്രം, ഉപയോഗിച്ച് സർവ്വീസ് നടത്തി വരുന്നു. ഇതു വഴി ഒരു പരിധിവരെ ഈ മേഖലയിലെ റോഡ് ഗതാഗത കുരുക്ക് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ